മിസ്റ്റർ എം. രാമൻ മേനോൻ : കഴിയുന്നതും എൻഫോഴ്സ് ചെയ്യുന്നുണ്ട്.

മിസിസ്സ് തങ്കമ്മ എൻ. മേനോൻ : കല്ലന കൊടുത്താൽ മാത്രം മതിയോ? ആ കല്ലന ശരിക്കു വിനിയോഗിക്കുന്നുണ്ടോ എന്നു അന്വേഷിക്കേണ്ടതല്ലേ?

മിസ്റ്റർ എം. രാമൻമേനോൻ : കഴിയുന്നതും അന്വേഷിക്കുന്നുണ്ട്.

Mr. C. V. Iyyu (*Kunnamkulam*): What the Excise Commissioner said is true. Women are not appointed to sell toddy, but they are appinted to sell curry. (*Laughter*).

DRINKING HABIT—WOMEN & CHILDREN—CHECKING OF.

450. മിസിസ്സ് തങ്കമ്മ എൻ. മേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെൻറ് സഭയിൽ മറുപടി പറയുമോ:—

(*a*) അബ്കാരി ഷാപ്പുകളിൽ മദ്യം സേവിക്കുവാൻ സ്ത്രീകളും കുട്ടികളും യഥാകാലമായി പോകുന്ന വിവരം ഗവൺമെൻറിനു അറിയാമോ;

(*b*) ഇനിമേലാൽ സ്ത്രീകൾക്കും കുട്ടികൾക്കും അബ്കാരിഷാപ്പുകളിൽ പ്രവേശനം നൽകുവാൻ പാടുള്ളതല്ലെന്നും അവർക്കു സേവിക്കുവാൻ മദ്യം വിറ്റുപോകരുതെന്നുമുള്ള ഒരു ഉത്തരവ് കഴിയുന്നതും വേഗത്തിൽ ഗവൺമെൻറിൽനിന്നും അയക്കാമോ?

മിസ്റ്റർ എം. രാമൻമേനോൻ: (*a*) ഇല്ല.

(*b*) സ്ത്രീകൾക്കും കുട്ടികൾക്കും മദ്യം കൊടുക്കുവാൻ പാടില്ലെന്ന ഇപ്പോഴുള്ള ചട്ടംതന്നെ നിരോധിച്ചിട്ടുണ്ട്. സ്ത്രീകൾക്കു മദ്യഷാപ്പുകളിൽ താമസിക്കുവാൻ പാടില്ലെന്നും നിയമം ഉണ്ട്. വീണ്ടും ഒരു പുതിയ ഉത്തരവിന്റെ ആവശ്യം ഇല്ല.

മിസ്റ്റർ വി. കെ. കുട്ടി: നിയമം കടലാസ്സിൽ മാത്രമേയുള്ളു. സാധാരണയായി ഉൾനാടുകളിൽ സ്ത്രീകളും കുട്ടികളും ഷാപ്പിൽ പോയി മദ്യം കുടിച്ചുവരുന്നതു ഞാൻ കണ്ടിട്ടുണ്ട്. ഈ കാര്യത്തിൽ കർശനമായ ഒരു കല്ലനകൊടുക്കാമോ?

മിസ്റ്റർ. എം. രാമൻ മേനോൻ : ഇതിനെപ്പറ്റി ആക്ഷേപമൊന്നും കിട്ടിട്ടില്ല. ആക്ഷേപം വന്നാൽ നോക്കാം.

മിസ്റ്റർ. വി. കെ. കുട്ടി: സാധാരണസ്ത്രീകളും കൊച്ചുകുട്ടികളും മദ്യംകുടിച്ചുവരുന്നതായി എനിക്കറിയാം. അങ്ങിനെ ചെയ്യുന്നതു ഷാപ്പുപരിശോധിക്കാൻ പോകുന്ന ഇൻസ്പെക്ടർമാർ കണ്ടിട്ടുണ്ടോ?

മിസ്റ്റർ. എം. രാമൻമേനോൻ : സ്ത്രീകൾക്കു കുടിക്കാൻ പാടില്ല എന്നു നിയമമില്ല. ഷാപ്പിൽ പോകാൻ പാടില്ലെന്നേയുള്ളു.

മിസ്റ്റർ. വി. കെ. കുട്ടി : സ്ത്രീകൾ ഷാപ്പിൽപോയി കുടിക്കുന്നതു എന്റെ ദൃഷ്ടികൊണ്ടു കണ്ടിട്ടുണ്ട്.

മിസ്റ്റർ. കെ. എസ്സ്. പണിക്കർ : സ്ത്രീകൾ മദ്യം കുടിക്കുന്നതിൽ വല്ല ദോഷവുമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

Mr. President : It is a matter of opinion.

മിസ്റ്റർ. കെ. പി. വള്ളോൻ : ഗവമ്മേണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിയാൽ ഇതിനു ശരിയായ ശിക്ഷകൊടുക്കുവാൻ ഗവമ്മേണ്ടു ശ്രമിക്കുമോ ?

APPENDIX I.

(Please see answer to Question No. 423.)

List of Panchayats which are not given Civil powers.

1. Marada.
2. Elamkulam.
3. Porathassery.
4. Padiyur.
5. Vellangallur.
6. Edavilangu.
7. Tholur.
8. Adat.
9. Kolazhi.
10. Vilvattom.
11. Ayyanthole.
12. Erava.
13. Ollukkara.
14. Panancheri.
15. Mundathikode.
16. Kariyannur.
17. Vadakancheri.
18. Tekkumkara.
19. Desamangalam.
20. Methala.
21. Lokamaleswaram.

APPENDIX II.

(Please see answer to Question No. 447.)

Deepam—Dated November 26th, 1938.

ചക്കര ലൈസൻസ്സ് കിട്ടുവാനുള്ള പ്രയാസങ്ങൾ.

(K. N.)

സർ,

ചക്കര ചെത്തുകാർക്കു ലൈസൻസ്സു കിട്ടുവാൻ വളരെ പ്രയാസങ്ങൾ ഉണ്ടു്. അതൊക്കെ സഹിക്കുവാൻ സാധുക്കളായ ചെത്തുകാർ വളരെ ക്ലേശങ്ങൾ അനുഭവിക്കേണ്ടിവരുന്നതുകൊണ്ടാണു് ലൈസൻസ്സു് സമ്പ്രദായം നിറുത്തൽചെയ്യണമെന്നു് വളരെക്കാലം മുമ്പെ വാദിച്ചു തുടങ്ങിയതു്. മിസ്റ്റർ അയ്യപ്പൻ ഇതുസംബന്ധിച്ചു നിയമ സഭയിൽചെയ്ത നിവേദനങ്ങൾക്കു് അന്നത്തെ കമ്മീഷണർ വളരെ ആനുകൂലവും തൃപ്തികരവുമായ മറുപടികളാണു് നൽകിയിട്ടുള്ളതു്. ഈ ലൈസൻസ്സു സമ്പ്രദായംകൊണ്ടു ചെത്തുകാർക്കു യാതൊരു ബുദ്ധിമുട്ടുകൾക്കും ഇടവരുന്നതല്ലെന്നു ഉറപ്പു പറയുകയും അവരെ ബുദ്ധിമുട്ടിക്കാതിരിക്കേണമെന്നു കീഴുദ്യോഗസ്ഥന്മാരെ ശക്തിയായി ഉപദേശിക്കുകയും ചെയ്തിട്ടുണ്ടു്. മ. ബ. ശ്രീ. രാമവമ്മതമ്പുരാൻ തിരുമനസ്സുകൊണ്ടു് കമ്മീഷണരായിരുന്നകാലത്തു് ചെത്തുകാരുടെ ഈ വിഷയത്തിലുള്ള ബുദ്ധിമുട്ടുകൾക്കു വളരെ കുറവും ഉണ്ടായിരുന്നു. എന്നാൽ ഇപ്പോഴത്തെ സ്ഥിതി ഇതല്ല. എക്സൈസ്സു് ഉദ്യോഗസ്ഥന്മാരെ തൃപ്തിപ്പെടുത്താത്തവർക്കു ലൈസൻസ്സു കിട്ടുക എളുപ്പമല്ല. അവരുടെകായ്യം മിക്കവാറും അസാദ്ധ്യംതന്നെയായിട്ടാണു് അനുഭവപ്പെട്ടുന്നതു്. കായ്യം സാധിക്കണമെങ്കിൽ കാത്തുവേണം എന്നുള്ളതു് ഈ വിഷയത്തിൽ സാർവ്വത്രികമായ ഒരു അനുഭവമാണു്. ലൈസൻസ്സു്

LIBRARY ARCHIVES Kerala Legislative Assembly